## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 549 10.06.2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട്

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. എം. എ. വാഹിദ് :

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കുമോ ;.

**മറുപടി**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) 13.05.2014 വരെ 36818 രോഗികൾക്ക് 387.28 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയം, തൃശൂർ മെഡിക്കൽ കോളേജുകളിൽ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

923 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സർക്കാർ ആശുപത്രികൾക്കു പുറമെ 68 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽ കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| | വൃക്കരോഗികൾക്ക് ഡയാലിസിസ് ലഭിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളെക്കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നല്കി വരുന്നത്. കൂടാതെ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ,നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കുമാണ് ആദ്യ ഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി ഒപ്പുവച്ചിട്ടുള്ള 68 സർക്കാരിതര ആശുപത്രി കളിലും, 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സക്ക് സൗകര്യം ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടികൾ നടന്നു വരുന്നു. |
| (ഡി) ചികിത്സാ ധനസഹായങ്ങൾ യഥാസമയത്ത് രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നല്കുന്നതാണ്. |

അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ നല്കുന്നതിനു മുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

സർക്കാരാശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശുപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തിരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നല്കുന്നതാണ്.

പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ അടിയന്തിര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നല്കിയിട്ടുണ്ട്.

അപേക്ഷ പ്രോസ്സസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(ഇ) കാരുണ്യ ചികിത്സാ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽ ചികിത്സ തേടുന്നവർക്ക് മാത്രമേ ധനസഹായം നല്കിയിരുന്നുള്ളു. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി കളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കു കൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. സംസ്ഥാനത്തെ 68 സർക്കാരിതര ആശുപത്രികളും

28 ഡയാലിസിസ് സെന്ററുകളും പദ്ധതിയിൽ ഇതിനകം അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ചികിത്സകൾക്കാണ് ധനസഹായം നൽകിയിരുന്നത്. പിന്നീട് ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കുകൂടി കാരുണ്യ ബനവലന്റ് പദ്ധതി വഴി ചികിത്സാ ധനസഹായം ഏർപ്പെടുത്തി യിട്ടുണ്ട്.

പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ തയ്യാറായി വരുന്ന കൂടുതൽ സർക്കാരിതര ആശുപത്രികളെ കൂടി വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. നിലവിൽ അക്രഡിറ്റേഷനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നിലവിൽ നൽകിവരുന്ന ധനസഹായത്തിനുപുറമെ വൃക്ക ദാതാവിനുകൂടി ഈ പദ്ധതിയിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് നിലവിൽ നല്കുന്ന 2 ലക്ഷം രൂപ ചികിത്സാ സഹായത്തിനു പുറമേ ഒരു ലക്ഷം രൂപ കൂടി (മൊത്തം 3 ലക്ഷം രൂപ) അനുവദിക്കുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സനൽകാനായി സംസ്ഥാനത്തെ 28 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ 24 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കാരുണ്യ ബനവലന്റ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്)

10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയം, തൃശൂർ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 27 താലുക്ക് തല സർക്കാരാശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ നല്കുന്ന ചിസ്പ്ലസ് ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ ധനസഹായങ്ങളും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ധനസഹായത്തിൽ നിന്നും കുറവു ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്.

കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നല്കാവുന്ന രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനുശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചിലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജു കളോടനുബന്ധിച്ച് കാരുണ്യ ഹോം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജു കളുടെ ഉടമസ്ഥതയിലുള്ളതും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങ ളുള്ളതുമായ സ്ഥലം പ്രസ്തുത ആശുപത്രി അധികൃതർ കണ്ടെത്തി തരുന്ന മുറയ്ക്ക് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിനുംതീരുമാനമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.